"ഭരണഭാഷ-മാതൃഭാഷ"
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033.
ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com

നമ്പർ. ബി2-1740/22 തീയതി: 12-05-2022

# സർക്കുലർ

വിഷയം:- പട്ടികവർഗ്ഗ മേഖലകളിലെ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വെ ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

പട്ടികവർഗ്ഗ മേഖലകളിലെ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വെ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ വീഡിയോഗ്രാഫി എന്നിവയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ഓഫീസുകളിൽ പരമാവധി ഒരുമാസ കാലയളവിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിന് അനുമതി നൽകുന്നതിന് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് പരിശോധിച്ച് അനുമതി നൽകാവുന്നതാണ്. ഇന്റേൺഷിപ്പ് കാലയളവിലുള്ള ട്രൈബൽ കോളനികളിലെ/സ്ഥാപനങ്ങളിലെ സന്ദർശനം കൂടി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് തീരുമാനിക്കാവുന്നതാണ്.
2. സർക്കാർ ആശുപത്രികൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന കോളനികൾ/എം.ആർ.എസ്/ഹോസ്റ്റൽ എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള അനുമതി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകാവുന്നതാണ്.
3. റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വേ, വീഡിയോഗ്രാഫി, ഫിലിം ഷൂട്ടിംഗ് എന്നിവ സംബന്ധിച്ചുള്ള അപേക്ഷകൾ ഡയറക്ടറേറ്റിൽ പരിഗണിക്കുന്നതാണ്. ജില്ലാതല ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായ ശിപാർശയോടെ അയച്ചു തരേണ്ടതാണ്.
4. സോഷ്യൽ വർക്കുമായി ബന്ധപ്പെട്ട് 3 ദിവസം വരെ കോളനികളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകാവുന്നതാണ്. കോളനികളിലെ സാമൂഹികസാഹചര്യം പരിശോധിച്ചു വേണം അനുമതി നൽകാൻ 3 ദിവസത്തിനു മുകളിൽ അനുമതി ആവശ്യമുള്ളവ വ്യക്തമായ ശിപാർശ സഹിതം അയച്ചുതരേണ്ടതാണ്.

5. കോളനികളിൽ രാത്രികാലങ്ങളിൽ തങ്ങുന്നതിന് അനുമതി നൽകേണ്ടതില്ല.

6. ലഭിക്കുന്ന അപേക്ഷകളിൽ പരിശോധന നടത്തി സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും അനുമതി നൽകുമ്പോൾ വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തി കരാർ വയ്ക്കേണ്ടതുമാണ്.

7. സ്ഥാപനമേധാവിയുടെ ശിപാർശയില്ലാത്തതും സന്ദർശിക്കുന്നവരുടെ വിവരങ്ങൾ ഉള്ളടക്കം ചെയ്യാത്തതുമായ അപേക്ഷകൾ പരിഗണിക്കില്ല.

8. പഠന റിപ്പോർട്ടിന്റെ ഒരു പകർപ്പ് അനുമതി നൽകുന്ന ഓഫീസിൽ ലഭ്യമാക്കണമെന്നതും കോളനികൾ സന്ദർശിക്കുമ്പോൾ പട്ടികവർഗ്ഗക്കാർക്കെതിരെ എന്തെങ്കിലും അതിക്രമം നടത്തുകയാണെങ്കിൽ അതിക്രമം തടയൽ നിയമം 1989 പ്രകാരം കേസ് ചാർജ് ചെയ്യുമെന്നതും അനുമതി നൽകുമ്പോൾ വ്യക്തമാക്കേണ്ടതാണ്. പഠന റിപ്പോർട്ട് ഹാജരാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പുതുതായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

9. അപേക്ഷകൾ കുറഞ്ഞത് 14 ദിവസം മുമ്പെങ്കിലും ലഭിച്ചിരിക്കണം അപേക്ഷയോടൊപ്പം സ്ഥാപനമേധാവിയുടെ ശിപാർശ കത്ത്, റിസർച്ച് നടത്തുന്ന വിഷയത്തിന്റെ സംഗ്രഹം, സർവ്വേ നടത്തുകയാണെങ്കിൽ ചോദ്യാവലി, കോളനി സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി, സന്ദർശിക്കുന്ന കോളനികളുടെ വിവരം, ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് കോവിഡ്-19 വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടായിരിക്കണം.

10. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അനുമതിയില്ലാതെ വ്യക്തികൾ/ സംഘടനകൾ കോളനിസന്ദർശനം, വിവരശേഖരണം എന്നിവ നടത്തിയാൽ ആയത് നിർത്തി വയ്പ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

11. LWE (Left Wing Extremism) മേഖലകളിൽ സന്ദർശാനുമതി നൽകുന്നതിന് മുമ്പ് പോലീസ് വകുപ്പുമായി കൂടിയാലോചിക്കേണ്ടതാണ്.

ഒപ്പ്/-)
ഡയറക്ടർ

ആജ്ഞാനുസരണം

ഷുമിൻ.എസ്.ബാബു
അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)
ഡയറക്ടർക്കുവേണ്ടി

പകർപ്പ്: പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ
ഐ.റ്റി.ഡി.പി
PCCF, വനംവകുപ്പ്
ഡയറക്ടറേറ്റിലെ നിയന്ത്രാധികാരികൾക്ക്
Website ൽ പബ്ലിഷ് ചെയ്യുന്നതിന്
സ്റ്റോക്ക് ഫയൽ/ സ്പെയർ

M.S. 13 .05.2022